പതിനാലാം കേരള നിയമസഭ
പത്തൊൻപതാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1048 | 05.03.2020-ൽ മറുപടിക്ക് |
|---|---|

**രജിസ്ട്രേഷൻ ഓഫീസുകളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.സി. ദിവാകരൻ | | ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കിഫ്ബി പ്രോജക്റ്റിൽ ഉൾപ്പെടുത്തി ഏതെല്ലാം രജിസ്ട്രേഷൻ ഓഫീസുകളാണ് നവീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ; | എ) | 51 ഓഫീസുകളുടെ പുതിയ കെട്ടിടനിർമ്മാണവും ആറ്റിങ്ങൽ സബ് രജിസ്ട്രാർ ഓഫീസിന്റെ അറ്റകുറ്റപ്പണിയുമാണ് കിഫ്ബി പ്രോജക്റ്റിൽ ഉൾപ്പെടുന്നത്.<br>നേമം (നേമം രജിസ്ട്രേഷൻ കോംപ്ലക്സ്), വർക്കല, ചിറയിൻകീഴ്, തിരുവല്ലം, കാഞ്ഞിരംകുളം, ആറ്റിങ്ങൽ, നാവായിക്കുളം, മാരാരിക്കുളം, തൊടുപുഴ, ഉടുമ്പൻചോല, കോട്ടയം അഡീഷണൽ (കോട്ടയം രജിസ്ട്രേഷൻ കോംപ്ലക്സ്), കടുത്തുരുത്തി, കോതമംഗലം, കുഴുപ്പിള്ളി, കുന്നംകുളം, അക്കിക്കാവ്, മുണ്ടൂർ, അണ്ടത്തോട്, പഴയന്നൂർ, തൃപ്രയാർ, കല്ലേറ്റുംകര, ഒറ്റപ്പാലം, ചെർപ്പുളശ്ശേരി, തൃത്താല, കുറ്റിപ്പുറം, കൽപ്പകഞ്ചേരി, താനൂർ, തേഞ്ഞിപ്പലം, മലപ്പുറം, പരപ്പനങ്ങാടി, വെസ്റ്റ്ഹിൽ, ചാത്തമംഗലം, വില്ല്യാപ്പിള്ളി, പയ്യോളി, ഫറോക്ക്, പേരാമ്പ്ര, അഴിയൂർ, നാദാപുരം, നടുവണ്ണൂർ, ചേളന്നൂർ, തിരുവള്ളൂർ, മാനന്തവാടി, തളിപ്പറമ്പ്, ഉളിയിൽ, തൃക്കരിപ്പൂർ, എന്നീ സബ് രജിസ്ട്രാർ ഓഫീസുകളുടേയും കോഴിക്കോട് ജില്ലാ രജിസ്ട്രാർ ഓഫീസിന്റേയും (കോഴിക്കോട് രജിസ്ട്രേഷൻ കോംപ്ലക്സ്) നവീകരണവും |

| | | | |
|---|---|---|---|
| | | | വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന മലയിൻകീഴ്, കന്യാകുളങ്ങര, തോപ്രാംകുടി, കുഴൽമന്ദം, ഉദുമ എന്നീ സബ് രജിസ്ട്രാർ ഓഫീസുകൾക്കുള്ള സ്വന്തം കെട്ടിട നിർമ്മാണവുമാണ് ഈ പദ്ധതിയിൽ ഉൾപ്പെടുന്നത്. കൊല്ലം സബ് രജിസ്ട്രാർ ഓഫീസിന്റെ നവീകരണവും ടി പദ്ധതിയിൽ ഉൾപ്പെട്ടിരുന്നുവെങ്കിലും, ടി ഓഫീസിന് പകരം ചടയമംഗലം സബ് രജിസ്ട്രാർ ഓഫീസിനെ ടി പദ്ധതിയിൽ ഉൾപ്പെടുത്തുന്ന വിഷയം പരിശോധിച്ചുവരുന്നു. |
| ബി) | നെടുമങ്ങാട് നിയോജക മണ്ഡലത്തിലെ കന്യാകുളങ്ങര സബ് രജിസ്ട്രാർ ഓഫീസിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | ബി) | ഒന്നാം നിലയുടെ വാർപ്പ് കഴിഞ്ഞു. രണ്ടാം നിലയ്ക്കുള്ള പില്ലറുകളുടെ നിർമ്മാണം നടന്നുവരുന്നു. |
| സി) | പ്രസ്തുത നിർമ്മാണത്തിന്റെ കരാർ എന്നാണ് അവസാനിക്കുന്നതെന്ന് വ്യക്തമാക്കുമോ; കരാർ തീയതിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ? | സി) | കരാർ പ്രകാരം 29.01.2020 ന് നിർമ്മാണം പൂർത്തിയാകേണ്ടതായിരുന്നു. എന്നാൽ കെട്ടിട നിർമ്മാണ സൈറ്റിൽ നിന്നും പാറ, മണ്ണ് എന്നിവ നീക്കം ചെയ്യേണ്ടിയിരുന്നതിനാൽ അതിന് നിയമാനുസൃതമായ ചില നടപടി ക്രമങ്ങൾ പൂർത്തിയാക്കേണ്ടതായി വന്നു. |

സെക്ഷൻ ഓഫീസർ